TB Movie Panel

**#ComedyMovieFest**

സന്ദേശം

എഴുതിയത് : G S Manesh

വർഷം 1991 . ബാംഗ്ലൂർ ജലഹലിയിലെ ഇന്ത്യൻ എയർഫോഴ്സ് ട്രെയിനിങ് ക്യാമ്പിൽ വച്ച് "നാനാ " സിനിമാ വീക്കിലിയിലെ ഒരു ലേഖനത്തിലൂടെയാണ് സത്യൻ അന്തിക്കാട് -ശ്രീനിവാസൻ കൂട്ടുകെട്ടിൽ പിറക്കാൻ പോകുന്ന "സന്ദേശം" എന്ന ചിത്രത്തെക്കുറിച്ചു ഞാൻ ആദ്യമായി അറിയുന്നത്. ഒരു ആക്ഷേപ ഹാസ്യ രാഷ്ട്രീയ ചിത്രം - അത്രയേ പ്രതീക്ഷിച്ചുള്ളു . എന്നാൽ "സന്ദേശം" നൽകിയ, ഇന്നും നൽകിക്കൊണ്ടിരിക്കുന്ന നാളെയും നൽകുമെന്ന് ഉറപ്പുള്ള സന്ദേശങ്ങളുടെ പരമ്പരയാകുമെന്നു ഞാൻ കരുതിയില്ല .

1991 ഒക്ടോബർ 30 നാണ് എവർഷൈൻ പ്രൊഡക്ഷൻസിന്റെ ബാനറിൽ S.S.T. സുബ്രഹ്മണ്യം നിർമ്മിച്ച് ശ്രീനിവാസൻറെ രചനയിൽ സത്യൻ അന്തിക്കാടിന്റെ സംവിധാനത്തിൽ തിലകൻ , കവിയൂർ പൊന്നമ്മ, ശ്രീനിവാസൻ, സിദ്ദിഖ്,ശങ്കരാടി, ഒടുവിൽ ഉണ്ണികൃഷ്ണൻ, KPAC ലളിത, കവിയൂർ പൊന്നമ്മ, മാതു എന്നീ അതുല്യ പ്രതിഭകൾ ജീവിച്ച 2 മണിക്കൂർ 17 മിനിറ്റ് ദൈർഘ്യം ഉള്ള "സന്ദേശം " വെള്ളിത്തിരയിൽ എത്തിയത് . ഇന്ത്യൻ സിനിമയിൽ ഇറങ്ങിയ ഏറ്റവും നല്ല പൊളിറ്റിക്കൽ സറ്റയർ സിനിമ എന്ന വിശേഷണത്തിന് എന്തുകൊണ്ടും അർഹമായ സിനിമ ...... ബാക്കിയൊക്കെ ചരിത്രം . 1991 ഡിസംബർ മാസത്തിൽ മാത്രമേ എനിക്ക് സന്ദേശം കാണാൻ സാധിച്ചുള്ളൂ . അപ്പോഴേക്കും സിനിമാ പ്രേമികൾ സന്ദേശം നെഞ്ചിലേറ്റിയിരുന്നു . അന്നും ഇന്നും എന്റെ ഇഷ്ട ചിത്രങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനം സന്ദേശത്തിനു തന്നെയാണ് . "രാഷ്ട്രീയം നല്ലതാണു അത് നല്ല ആളുകൾ പറയുമ്പോൾ , ആദ്യം സ്വയം നന്നാകണം എന്നിട്ട് നാട് നന്നാകണം " എന്ന അർത്ഥവത്തായ സന്ദേശമാണ് "സന്ദേശം" നൽകുന്നത്. സന്ദേശം അരാഷ്ട്രീയ സിനിമ ആണെന്ന് അന്ന് മുതൽക്കേ ആക്ഷേപം ഉണ്ട് , രാഷ്ട്രീയം തെറ്റാണ് എന്ന് ഒരിക്കലും സിനിമ പറഞ്ഞിട്ടില്ല മറിച്ച് രാഷ്ട്രീയം തൊഴിലാക്കുന്നവരാണ് തെറ്റുകാർ , രാഷ്ട്രീയം മാത്രം തൊഴിലാക്കി അഴിമതിയിൽ മുങ്ങി നാട് മുടിപ്പിക്കുന്നവർ ആണ് നാടിന് ശാപം എന്ന് സന്ദേശം വ്യക്തമായി അടിവരയിട്ട് പറയുന്നുണ്ട് .

റെയിൽവേ ഉദ്യോഗസ്ഥനായിരുന്ന രാഘവൻ നായർ മുപ്പത്തിമൂന്ന് വർഷത്തെ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച് തമിഴ്നാട്ടിൽ നിന്നും സ്വദേശത്തു എത്തുന്നു. ഭാര്യ ഭാനുമതിയും രണ്ട് പെൺമക്കളും മൂന്ന് ആണ്മക്കളും അടങ്ങുന്നതാണ് രാഘവൻ നായരുടെ കുടുംബം .

എൽ.എൽ.ബി.ക്കാരനായ മൂത്തമകൻ പ്രഭാകരനും ബി.എസ്.സി.ക്കാരനായ രണ്ടാമത്തെ മകൻ പ്രകാശനും ജോലിക്കൊന്നും ശ്രമിക്കാതെ രാഷ്ട്രീയ പ്രവർത്തനത്തിൽ മുഴുകിയിരിക്കുകയാണ്. രാഷ്ട്രീയ വൃത്തങ്ങളിൽ കോട്ടപ്പള്ളി എന്നറിയപ്പെടുന്ന പ്രഭാകരൻ ഇടതുപക്ഷ രാഷ്ട്രീയ പ്രവർത്തകനാണ്, അതുപോലെ രാഷ്ട്രീയ പ്രവർത്തകർക്കിടയിൽ കെ.ആർ.പി. എന്നറിയപ്പെടുന്ന പ്രകാശൻ വലതുപക്ഷ രാഷ്ട്രീയ പ്രവർത്തകനാണ്. മക്കളുടെ രാഷ്ട്രീയ പ്രത്യയ ശാസ്ത്രപരമായ ഭിന്നിപ്പ് അവരുടെ ബന്ധത്തിലും കടന്ന് കുടുംബത്തിൽ വിള്ളലുണ്ടാവുന്ന അവസ്ഥയിലേയ്ക്ക് എത്തിച്ചേരുന്നത് രാഘവൻ നായർക്ക് കാണേണ്ടി വരുന്നു. ഇന്നും നമ്മുടെ സമൂഹത്തിൽ കാണുന്ന രാഷ്ട്രീയ കോമരങ്ങളെ, അന്നേ വരച്ചുകാട്ടിയ ശ്രീനിവാസൻ എന്ന മഹാനായ എഴുത്തുകാരന്റെയും അത് അതേ തീവ്രതയോടെ സംവിധാനം ചെയ്ത സത്യൻ അന്തിക്കാടിന്റെയും ധൈര്യത്തെ സ്മരിക്കാതെ വയ്യ . ആ വിഷയത്തോട് അവർ പുലർത്തിയ നീതിപൂർവ്വകമായ സമീപനം കൊണ്ടാകാം "സന്ദേശം" ഇന്നും മിഴിവോടെ നിൽക്കുന്നത് . സന്ദേശം കാണാത്ത മലയാളികൾ വളരെ ചുരുക്കം ആണെന്നാണ് എന്റെ അനുമാനം.

സന്ദേശം എന്ന സിനിമയിൽ എന്ത് സന്ദേശമാണ് ഉള്ളത് എന്ന് ചോദിച്ച ശ്യാം പുഷ്കരനെ പോലെയുള്ളവരുടെ വിവരമില്ലായ്മയും ഇത്തരുണത്തിൽ സ്മരിക്കുന്നു .1991ൽ ഇറങ്ങി ഇന്നും പ്രസക്തമായ സന്ദേശമാണ് സന്ദേശം നൽകുന്നത് എന്ന ഒരു മാധ്യമ പ്രവർത്തകന്റെ അഭിപ്രായത്തോട് ഞാൻ ചേർന്ന് നിൽക്കുന്നു . ആ സന്ദേശത്തിന് നിത്യ യൗവനമാണ് എന്നും ഞാൻ വിശ്വസിക്കുന്നു .
ഇന്നും രാഷ്ട്രീയ ട്രോളർമാർ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് "സന്ദേശം" നൽകിയ സന്ദേശങ്ങൾ തന്നെയാണ്. ഇന്ത്യൻ രാഷ്ട്രീയത്തിലെ എല്ലാ പക്ഷങ്ങളെയും ഒരേപോലെ ട്രോളിയ ഒരു ചിത്രം കൂടിയാണ് ഇത്. ഇന്ത്യൻ പൊളിറ്റിക്സിനെ ഒരു ചെറിയ നാടിൻറെ ക്യാൻവാസിലേക്ക് ചുരുക്കി സാധാരണക്കാരന് മനസിലാകുന്ന രീതിൽ വളരെ ലളിതമായി പറഞ്ഞ സത്യൻ അന്തിക്കാടിന് സല്യൂട്ട്.
സ്വന്തം വീടിനെയും, വീട്ടുകാരെയും, കടമകളെയും മറന്നിട്ടു നാട് നന്നാക്കാൻ നടക്കുന്ന ഒട്ടേറെ പേരുള്ള നാടാണ് നമ്മുടേത്. അന്നും ഇന്നും അതിൽ മാറ്റമില്ല. അവരുടെ കപടമുഖം വലിച്ചു കീറി എന്നതും സന്ദേശത്തിന്റെ മേന്മയാണ്. രാഷ്ട്രീയം രാഷ്ട്രസേവനത്തിനല്ല മറിച്ചു ഒരു തൊഴിലായി കരുതുന്ന ഒരു സമൂഹത്തിനു മുൻപിൽ എന്നും ഒരു ചോദ്യചിഹ്നമായി സന്ദേശം കാണും. മുപ്പത്തിയൊന്ന് വർഷങ്ങൾക്കിപ്പുറവും "സന്ദേശം" നൽകുന്ന സന്ദേശങ്ങൾക്ക് നിത്യയൗവ്വനം